**തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ) നടപടിക്രമം**

വിഷയം:- ആ.വ.ഡ. - ആരോഗ്യവകുപ്പിലെ രണ്ടാം ഗ്രേഡ് ട്രീറ്റ്മെൻറ് ഓർഗനൈസർമാരുടെ 17/9/2000 മുതൽ 31/12/2016 വരെയുള്ള കാലയളവിലെ താൽകാലിക സീനിയോറിട്ടി പട്ടിക പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്.

സൂചന:- 3/9/2015-ലെ ഇ.എസ്.2/60366/2015/ആ.വ.ഡ. തീയതി 3/9/2015 നമ്പർ ഉത്തരവ്.

**ഉത്തരവ് നം. ഇ.എസ്.2-95290/2017/ആ.വ.ഡ/തീയതി 4/5/2018.**

സൂചനപ്രകാരം ആരോഗ്യവകുപ്പിലെ രണ്ടാം ഗ്രേഡ് ട്രീറ്റ്മെൻറ് ഓർഗനൈസർ മാരുടെ 17/9/2000 മുതൽ 4/2/2009 വരെയുള്ള കാലയളവിലെ താൽകാലിക സീനിയോറിറ്റി പട്ടിക പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത പട്ടിക അന്തിമമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. ആയതുകൂടി ചേർത്തുകൊണ്ട് 17/9/2000 മുതൽ 31/12/2016 വരെയുള്ള ആരോഗ്യവകുപ്പിലെ രണ്ടാം ഗ്രേഡ് ട്രീറ്റ്മെൻറ് ഓർഗനൈസർ മാരുടെ താൽകാലിക സീനിയോറിറ്റി പട്ടിക തയ്യാറാക്കിയത് പ്രസിദ്ധീകരിച്ച് ഉത്തര വാകുന്നു.

പ്രസ്തുത പട്ടികയിൽ പി.എസ്.സി. മുഖാന്തിരം നിയമനം ലഭിച്ചവർക്ക് അവയുടെ ശുപാർശ തിയതി മുതലാണ് സീനിയോറിറ്റി കണക്കാക്കിയിരിക്കുന്നത്. പ്രസ്തുത പട്ടികയിൻമേൽ ആർക്കെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ ആയത് ഉത്തരവ് തീയതി മുതൽ മുപ്പത് ദിവസത്തിനകം നേരിട്ടോ തപാൽ മാർഗ്ഗമോ ബന്ധപ്പെട്ട അധികാരികൾ മുഖേന ഈ ആഫീസിൽ എത്തിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ. ബിന്ദു മോഹൻ
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ
(മെഡിക്കൽ)

അംഗീകാരത്തോടെ

സൂപ്രണ്ട്

സ്വീകർത്താക്കൾ:
1) എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും
2) ബന്ധപ്പെട്ട എല്ലാ സ്ഥാപനം മേലധികാരികൾക്കും
3) ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും
4) ഇ.എഫ്.4 സെക്ഷൻ
5) ഫയൽ / കരുതൽ ഫയൽ